**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3187** **07-10-2025 - ൽ മറുപടിയ്ക്ക്**

**അർജന്റീന - ഓസ്ട്രേലിയ ഫുട്ബോൾ പ്രദർശന മത്സരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ലയണൽ മെസ്സിയുടെ നേതൃത്വത്തിലുള്ള അർജന്റീന ടീമും ഓസ്ട്രേലിയ ടീമും തമ്മിൽ കേരളത്തിൽ നടക്കുന്ന പ്രദർശന മത്സരത്തിന്റെ സംഘാടനം നിർവഹിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കാമോ; | (എ) | അർജന്റീന ഫുട്ബോൾ ടീമിന്റെ സൗഹൃദമൽസരം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 17.02.2024 തീയതിയിലെ G.O.(Rt).No.50/2024/S&YA, 24.12.2024 തീയതിയിലെ G.O.(Rt) No.294/2024/S&YA എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, സ്പോൺസർമാരുടെ നേതൃത്വത്തിൽ സൗഹൃദ മത്സരങ്ങൾ സംഘടിപ്പിക്കാൻ എറണാകുളം കളമശ്ശേരിയിലുള്ള റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന് (ആർബിസി) സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പരിപാടിയുടെ നടത്തിപ്പിനുള്ള പ്രത്യേക ഉദ്ദേശ്യ വാഹനമായി (SPV) സ്പോർട്സ് കേരള ഫൗണ്ടേഷനെ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ലയണൽ മെസ്സിയുടെ നേതൃത്വത്തിലുള്ള അർജന്റീന ടീമും ഓസ്ട്രേലിയ ടീമും തമ്മിൽ കേരളത്തിൽ നടക്കുന്ന ഫുട്ബോൾ പ്രദർശന മത്സരത്തിൽ സർക്കാരിന്റെ പങ്കാളിത്തം എങ്ങനെയൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | മൽസരത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ അനിവാര്യമായതിനാൽ കേരള പോലീസ്, ഫയർ & റെസ്ക്യൂ, കെ.എസ്.ഇ.ബി, ടൂറിസം, ആരോഗ്യം, ട്രാൻസ്പോർട്ട്, ദുരന്തനിവാരണ അതോറിറ്റി തുടങ്ങിയ പതിനഞ്ചിലധികം വകുപ്പുകൾക്ക് പ്രത്യേക ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കാനുണ്ട്. സുരക്ഷ, ഗതാഗത നിയന്ത്രണം, അടിസ്ഥാന സൗകര്യ വികസനം, വൈദ്യുതിയുടേയും വെള്ളത്തിന്റേയും വിതരണം, ടൂറിസം പ്രോത്സാഹനം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പാക്കുകയാണ് സർക്കാരിന്റെ ചുമതല. |
| (സി) | പ്രസ്തുത പ്രദർശന മത്സരം എവിടെ വെച്ചാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | പ്രദർശന മൽസരം കൊച്ചി, ജവഹർലാൽ നെഹറു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ വച്ചാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രദർശന മത്സരത്തിൽ സർക്കാർ ഫണ്ട് ലഭ്യമാക്കുന്നുണ്ടെങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ; | (ഡി) | പ്രദർശന മൽസരത്തിന്റെ നടത്തിപ്പിനോ സാമ്പത്തിക സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട ഏജൻസികൾക്കോ സർക്കാർ ഫണ്ട് അനുവദിക്കുന്നില്ല. |
| (ഇ) | പ്രസ്തുത പ്രദർശന മത്സരത്തിന്റെ ടിക്കറ്റ് വില നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എപ്രകാരമാണെന്ന് അറിയിക്കാമോ? | (ഇ) | മൽസരത്തിന്റെ ടിക്കറ്റ് വില നിലവിൽ നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ